URGENT

നം - എൻ2/49655/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 30/11/2016
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന തീയതി - അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :-1. ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലറുകൾ.

2. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കത്ത് നമ്പർ13/11/2016-എസ്.എസ്. തീയതി 24/11/16.

സൂചനകൾ പ്രകാരം 2016-17 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 30-ന് അവസാനിക്കുകയാണ്. സ്കോളർഷിപ്പിനായുള്ള ( Fresh/Renewal) ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനകൾ ചുവടെ പറയുന്ന സമയക്രമം അനുസരിച്ച് പൂർത്തിയാക്കേണ്ടതാണ്.

**സ്കൂൾ തലപരിശോധന - 10/12/2016**

**ജില്ലാതല പരിശോധന - 25/12/2016**

ജില്ലാതല പരിശോധനകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ് നിർവ്വഹിക്കേണ്ടത്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ന്യൂനപക്ഷ പ്രീ - മെട്രിക് സ്കോളർഷിപ്പിന്റെ User ID/Password ഇതിനോടകം നൽകി കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ തലത്തിൽ ഓൺലൈൻ അപേക്ഷകൾ പരിശോധിക്കുമ്പോൾ "തെറ്റുകൾ" ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷകൾ "ഡിഫക്ടീവ്" ആയി രേഖപ്പെടുത്തിയശേഷം, കുട്ടികളുടെ User ID/Password ഉപയോഗിച്ച് Login to apply എന്ന ലിങ്ക് വഴി ഓപ്പൺ ചെയ്ത ശേഷം തെറ്റ് തിരുത്തി (Resubmit) റിസബ്മിറ്റ് ചെയ്യേണ്ടതും, പരിശോധിക്കുന്നതിനുവേണ്ടി (reverification) റിവെരിഫിക്കേഷൻ ലിങ്ക് ക്ലിക് ചെയ്യേണ്ടതുമാണ്. യാതൊരു കാരണവശാലും ഓൺലൈൻ അപേക്ഷകൾ നിരസിക്കാൻ (reject) പാടുള്ളതല്ല. ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ഓപ്ഷനിലൂടെ പ്രസ്തുത അപേക്ഷകൾ revoke/recall (തിരിച്ചെടുക്കുക) ചെയ്യേണ്ടതും, defective ആയി രേഖപ്പെടുത്തി തെറ്റുകൾ തിരുത്തിയശേഷം (Resubmit) വീണ്ടും സമർപ്പിക്കേണ്ടതുമാണ്.

ന്യൂനപക്ഷ പ്രീ - മെട്രിക് സ്കോളർഷിപ്പിനുവേണ്ടി നൽകിയിട്ടുള്ള User ID, Password എന്നിവ മാറ്റി ഉപയോഗിക്കാൻ പാടുള്ളതല്ല. എല്ലാ സ്കൂളുകളിലും ലഭിച്ചിട്ടുള്ള ന്യൂനപക്ഷ പ്രീ - മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ പൂർണ്ണമായും വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട് എന്ന വസ്തുത ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സംശങ്ങൾക്ക്/കൂടുതൽ വിവരങ്ങൾക്ക് ചുവടെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**scholarshipdpi@gmail.com, helpdesk@nsp.gmail.com**

**0471 – 2580583, 0471- 2328438 9447990477**

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് - എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃതസ്കൂൾ പ്രഥമാധ്യാപകർക്കും.

C1.14560/16 dt 30/11/16

ജില്ലാ/ഉപജില്ലാ ആഫീസർമാരുടെ അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു.

30/11/16.

വിശ്വസ്തതയോടെ,
വി. ... സൂ. വേണ്ടി.